"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം- മമ്പാട്ടുമൂല, പാറമേൽ എ.എച്ച്.എസ്.സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ഇസ്മായിൽ പി.കെ.യ്ക്ക് പഠനാവശ്യത്തിനായി 16/01/2026 മുതൽ 31/03/2027 വരെ ശൂന്യവേതനാവധി - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2704/2026/GEDN തീയതി,തിരുവനന്തപുരം, 17-04-2026

പരാമർശം:- 1. ശ്രീ.ഇസ്മായിൽ പി.കെ.യുടെ 08.10.2025 തീയതിയിലെ അപേക്ഷ

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.02.2026 തീയതിയിലെ ഡിജിഇ/26029/2025-ഇഎം6 നമ്പർ കത്ത്.

**ഉത്തരവ്**

മമ്പാട്ടുമൂല, പാറമേൽ എ.എച്ച്.എസ്.സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ഇസ്മായിൽ പി.കെ.യ്ക്ക് മലപ്പുറം, ഗവ.ടി.ടി.ഐ.-ൽ ഡി.എൽ.എഡ് കോഴ്സ് പഠിക്കുന്നതിനായി 08/10/2025 മുതൽ 15/01/2026 വരെ 100 ദിവസത്തെ അർദ്ധവേതന അവധിയും, തുടർന്ന് 16/01/2026 മുതൽ 31/03/2027 വരെ 1 വർഷം 2 മാസം 16 ദിവസത്തേക്ക് (440 ദിവസം) ശൂന്യവേതനാവധിയും അനുവദിക്കുന്നതിനുള്ള അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഇസ്മായിൽ പി.കെ.-യ്ക്ക് ക്രെഡിറ്റിലെ ലഭ്യതയ്ക്ക് വിധേയമായി 08/10/2025 മുതൽ 15/01/2026 വരെ അർദ്ധവേതനാവധി നിയമനാധികാരി തലത്തിൽ അനുവദിക്കുവാൻ അനുമതി നല്കിയും അതിന് തുടർച്ചയായി 16/01/2026 മുതൽ 31/03/2027 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

ശ്രീ.ഇസ്മായിൽ പി.കെ., ഓഫീസ് അറ്റൻഡന്റ്, എ.എച്ച്.എസ്. പാറമേൽ, മമ്പാട്ടുമൂല, മലപ്പുറം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വണ്ടൂർ
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Resmi Babu
Date: 17-04-2026 15:44:04

പകർപ്പ്:-
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്